**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 731** **05-10-2021 - ൽ മറുപടിയ്ക്ക്**

**ക്ലാപ്പന സഹകരണ ബാങ്ക് അഴിമതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ പി സി വിഷ്ണുനാഥ് | | Shri. V. N. Vasavan<br>(സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി) | |
| (എ) | ഓച്ചിറ ക്ലാപ്പന സഹകരണ ബാങ്കിന്റെ മുറ്റത്തെ മുല്ല എന്ന ലഘുവായ്പ പദ്ധതിയിൽ കോടികളുടെ അഴിമതി നടന്നതായിട്ടുള്ള ആരോപണത്തിൽ അന്വേഷണം നടത്തിയിട്ടുണ്ടോ; കണ്ടെത്തലുകൾ വ്യക്തമാക്കാമോ; | (എ) | ഓച്ചിറ ക്ലാപ്പന സഹകരണ ബാങ്കിന്റെ മുറ്റത്തെ മുല്ല എന്ന വായ്പ പദ്ധതിയിൽ അഴിമതി നടന്നതായിട്ടുള്ള ആരോപണത്തിൽ ബാങ്കിൽ 1969 ലെ കേരള സഹകരണ സംഘം നിയമം വകുപ്പ് 66(1) അനുസരിച്ച് ബാങ്കിൽ പരിശോധന നടത്തുന്നതിന് 13/07/2021 ൽ ഉത്തരവ് നൽകിയിട്ടുണ്ട്. പരിശോധന പൂർത്തിയായിട്ടില്ല. |
| (ബി) | ഇക്കാര്യത്തിൽ ഉത്തരവാദികളായവർക്കെതിരെ സ്വീകരിച്ച നടപടി വെളിപ്പെടുത്താമോ; ഈ ക്രമക്കേട് സംബന്ധിച്ച് പഠിക്കാൻ ബാങ്ക് ഭരണസമിതി നിയോഗിച്ച ഉപസമിതിയുടെ കണ്ടെത്തലുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ? | (ബി) | ഓച്ചിറ ക്ലാപ്പന സഹകരണ ബാങ്കിൽ നടക്കുന്ന, 1969 ലെ കേരള സഹകരണ സംഘം നിയമം വകുപ്പ് 66(1) അനുസരിച്ച് പരിശോധന പൂർത്തിയായിട്ടില്ല. ബാങ്കിലെ ക്രമക്കേടുമായി ബന്ധപ്പെട്ട് ബാങ്ക് ഭരണസമിതി നിയോഗിച്ച ഉപസമിതി യുടെ റിപ്പോർട്ട് ശ്രദ്ധയിൽപെട്ടിട്ടുണ്ട്. ടി ഉപസമിതി റിപ്പോർട്ടിൽ 12 കുടുംബശ്രീ യൂണിറ്റുകളിൽ ക്രമക്കേടുകൾ നടത്തിയി ട്ടുള്ളതായി പരാമർശിച്ചിട്ടുണ്ട്. ടി ഉപ സമിതി റിപ്പോർട്ടിലെ പരാമർശങ്ങൾ കേരള സഹകരണ സംഘം നിയമം വകുപ്പ് 66(1) പ്രകാരമുള്ള പരിശോധനയിൽ ഉൾപ്പെടുത്തുന്നതാണ്. |

സെക്ഷൻ ഓഫീസർ